# കേരള സാഹിത്യ അക്കാദമി

പോസ്റ്റ് ബോക്സ് നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487331069(O)331103(R)
ടെലിഗ്രാം: സാഹിതി . ഇ.മെയിൽ: trc_sahitya@sancharnet.in


നമ്പർ 941/2009-10/കെ.എസ്.എ/എ1 7.9.2009

......................................................
......................................................

ബഹുമാന്യരേ,

വിഷയം: **സാംസ്കാരിക യാത്ര (2009 നവംബർ 1 -ഡിസംബർ 5)**

വായന വളർത്താനും സാംസ്കാരിക അവബോധം ശക്തിപ്പെടുത്താനും കേരളത്തിലെ വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ സംയുക്തമായി സംഘടിപ്പിക്കുന്ന സാംസ്കാരിക യാത്ര വിജയിപ്പിക്കുന്നതിന് സംസ്ഥാന സംഘാടകസമിതി രൂപീകരിച്ചു. 140 കേന്ദ്രങ്ങളിലൂടെ കടന്നുപോകുന്ന യാത്രയുടെ ഓരോ കേന്ദ്രങ്ങളിലും സാഹിത്യ-സാംസ്കാരിക-കലാരംഗത്തെ പ്രമുഖർ അണിചേരും. എല്ലാ കേന്ദ്രങ്ങളിലും പുസ്തകപ്രദർശനം, ശാസ്ത്രപ്രദർശനം, കലാപ്രദർശനം, പുസ്തകചർച്ച, സെമിനാറുകൾ, സംവാദങ്ങൾ, നാടൻകലാപരിപാടികൾ, നാടകാവതരണങ്ങൾ, കവിയരങ്ങുകൾ, കഥ-നോവൽ വായന, സംഗീതപരിപാടികൾ, ചലച്ചിത്രപ്രദർശനം, കുട്ടികൾക്കുള്ള വായനാമത്സരം, സാഹിത്യക്വിസ്, ശാസ്ത്രപ്രദർശനം തുടങ്ങി വൈവിധ്യമാർന്ന പരിപാടികളും ഇതോടൊപ്പം സംഘടിപ്പിക്കുന്നുണ്ട്. ഓരോ കേന്ദ്രങ്ങളിലും തെരഞ്ഞെടുക്കപ്പെടുന്ന ഒരു പുസ്തകം ചർച്ച ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഒരു നിയോജകമണ്ഡലത്തിൽ ഒരു മുഖ്യകേന്ദ്രവും രണ്ട് ഉപകേന്ദ്രങ്ങളുമാണ് ഉണ്ടാവുക.

വർത്തമാനകാല മതേതര പുരോഗമന കേരളത്തെ രൂപപ്പെടുത്തിയ നവോത്ഥാനനായകരുടെയും കലാസാഹിത്യ സാംസ്കാരിക സാമൂഹ്യ നായകരുടെയും സ്വാതന്ത്ര്യസമരപോരാളികളുടെയും ധീരദേശാഭിമാനികളുടെയും അന്ത്യവിശ്രമകേന്ദ്രങ്ങളിൽ നിന്നും കൊളുത്തുന്ന ദീപശിഖകൾ ഈ യാത്രയെ അനുധാവനം ചെയ്യും. ഓരോ ജില്ലയിലും ആ ജില്ലയിലെ മൺമറഞ്ഞ കലാസാഹിത്യസാംസ്കാരികനായകരെ സ്മരിക്കുന്ന പ്രത്യേക പരിപാടികളും ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. കുട്ടികളുടെ ഇടയിൽ വായനാസംസ്കാരം പരിപോഷിപ്പിക്കുന്നതിനായി ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ പ്രത്യേക പരിപാടികളും ഇതോടൊപ്പം സംഘടിപ്പിക്കും.

തൈക്കാട് ഗസ്റ്റ് ഹൗസിൽ 24.8.2009 ന് ചേർന്ന സംഘാടകസമിതി രൂപീകരണയോഗത്തിൽ പി.വത്സല അദ്ധ്യക്ഷതവഹിച്ചു. ഡോ.സുകുമാർ അഴീക്കോട്, ഡോ.ഒ.എൻ.വി.കുറുപ്പ്, സി.എൻ.കരുണാകരൻ, കെ.ആർ.മോഹനൻ, ബാലമോഹൻതമ്പി, സി.ജെ.കുട്ടപ്പൻ, കെ.എം.രാഘവൻനമ്പ്യാർ, ഡോ.കെ.ജി.പൗലോസ് എന്നിവർ സംഘാടക സമിതിയുടെ രക്ഷാധികാരികളും സാഹിത്യ അക്കാദമി പ്രസിഡണ്ട് എം.മുകുന്ദൻ ചെയർമാനും സാഹിത്യ അക്കാദമി സെക്രട്ടറി പുരുഷൻ കടലുണ്ടി ജനറൽ കൺവീനറുമാണ്. പി.വത്സല, പ്രൊഫ.വി.എൻ.മുരളി, ഡോ.പി.കെ.പോക്കർ, ടി.രാധാമണി, എം.കൃഷ്ണൻ, വി.കെ.ജോസഫ്, ലളിതാഭായി, ശിവനാഥ് എന്നിവർ വൈസ് ചെയർമാൻമാരുമാണ്.

ഡോ.പ്രഭാകരൻ പഴശ്ശി (സെക്രട്ടറി, സംഗീതനാടക അക്കാദമി), എൻ.ആർ.ഗ്രാമപ്രകാശ് (കലാമണ്ഡലം രജിസ്ട്രാർ), ഡോ.എ.കെ.നമ്പ്യാർ (ഫോക് ലോർ അക്കാദമി സെക്രട്ടറി), സത്യപാൽ (ലളിതകലാ അക്കാദമി സെക്രട്ടറി)ഡോ. ശ്രീകുമാർ (ചലച്ചിത്ര അക്കാദമി സെക്രട്ടറി), ഡോ.പാപ്പുട്ടി (സർവ്വവിജ്ഞാനകോശം ഡയറക്ടർ), കെ.ഇ.എൻ.(സെക്രട്ടറി, ഭാരത് ഭവൻ), റൂബിൻ ഡിക്രൂസ് (ഡയറക്ടർ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്), എ.ഗോകുലേന്ദ്രൻ (സെക്രട്ടറി, ബുക്മാർക്ക്), വിനോദ് വൈശാഖി എന്നിവർ കൺവീനർമാരുമാണ്. പ്രോഗ്രാം കമ്മിറ്റി ചെയർമാനായി ഡോ.പി.കെ.പോക്കറേയും കൺവീനറായി ഡോ.പി.സോമനേയും പ്രചാരണകമ്മിറ്റി ചെയർമാനായി എം.കൃഷ്ണനെയും കൺവീനറായി കാരയ്ക്കാമണ്ഡപം വിജയകുമാറിനെയും തെരഞ്ഞെടുത്തു. **സാംസ്കാരിക യാത്ര തിരുവനന്തപുരത്തുവെച്ച് ബഹു.സാംസ്കാരികവകുപ്പ് മന്ത്രി എം.എ.ബേബി ഉദ്ഘാടനം ചെയ്യും. ഡിസംബർ 5 ന് മഞ്ചേശ്വരത്തെ ഹൊസങ്കടിയിൽ സമാപിക്കും.**

**പുരുഷൻ കടലുണ്ടി**
ജനറൽ കൺവീനർ, സാംസ്കാരികയാത്ര
സെക്രട്ടറി, കേരള സാഹിത്യ അക്കാദമി
മൊബൈൽ 9446331103